ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജ് ഹോസ്റ്റലിലെ അനധികൃത താമസക്കാർ

55(1852) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജ് ഹോസ്റ്റലിൽ ആകെ എത്രപേരെ പ്രവേശിപ്പിക്കാനുള്ള സൗകര്യം നിലവിലുണ്ട് ; എത്രപേർക്ക് അഡ്മിഷൻ നൽകിയിട്ടുണ്ട് ;

(ബി) നിയമാനുസൃതചട്ടങ്ങൾ മറികടന്ന് ഏതെങ്കിലും വിദ്യാർത്ഥികളെ ഈ ഹോസ്റ്റലിൽ താമസിക്കുവാൻ പ്രിൻസിപ്പാൽ പ്രത്യേകമായി അനുവാദം നൽകിയിട്ടുണ്ടോ ;

(സി) ഹോസ്റ്റൽ ഇൻമേറ്റ്സ് അല്ലാത്ത ആരൊക്കെ ഹോസ്റ്റലിൽ താമസമുണ്ട് ;

(ഡി) അനധികൃതതാമസക്കാരെ കണ്ടെത്തി നടപടി സ്വീകരിക്കേണ്ട ചുമതല ആർക്കാണ് ;

(ഇ) ഹോസ്റ്റലിലെ അനധികൃത താമസക്കാർ കോളേജിലും പരിസരത്തും സാമൂഹ്യവിരുദ്ധ പ്രവർത്തനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) കോളേജ് അദ്ധ്യാപികയെ കൈയേറ്റം ചെയ്ത സംഭവത്തിലും ഓഫീസ് മുറി അടിച്ചുതകർത്തതിലും നിയമവിരുദ്ധമായി ഹോസ്റ്റലിൽ താമസിക്കുന്നവർക്കും പങ്കുണ്ടെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ,ബി&സി) തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജിൽ നിലവിൽ ഹോസ്റ്റൽ ഇല്ല. 100 ആൺകുട്ടികൾക്കും 125 പെൺകുട്ടികൾക്കുമുള്ള ഹോസ്റ്റൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഹോസ്റ്റൽ ഇല്ലായ്മയിൽ പ്രതിഷേധിച്ച് ഒഴിഞ്ഞുകിടന്ന ആശുപത്രി കെട്ടിടത്തിൽ 4 കൊല്ലം മുൻപ് കുടിയേറിപ്പാർത്ത ആൺകുട്ടികൾ പിൽകാലത്ത് ആശുപത്രി പ്രവർത്തനത്തിന് കെട്ടിടം ആവശ്യമായി വന്നപ്പോൾ ആശുപത്രികെട്ടിടത്തിൽ നിന്ന് ഒഴിയുകയും ആശുപത്രിയുടെ മുൻവശത്തെ കാർ ഷെഡിനുമുകളിൽ ഒഴിഞ്ഞുകിടന്ന മുറികളിൽ 1999 ആദ്യം മുതൽ അനധികൃതമായി പ്രവേശിച്ച് താമസിച്ചുവരികയുമാണ്. 11 ആൺകുട്ടികളാണ് ഇങ്ങനെ താമസിച്ചു വരുന്നത്.

(ഡി) കോളേജ് മേലധികാരിയായ പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർക്കാണ്.

(ഇ) ഇല്ല.

(എഫ്) അനധികൃതമായി താമസിക്കുന്ന ഏതാനും വിദ്യാർത്ഥികൾ ഈ കേസ്സിൽ പ്രതികളായി പറഞ്ഞിട്ടുള്ളവരാണെന്ന് പോലീസ് റിപ്പോർട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly